# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3202** — 13.03.2017 ലെ മറുപടിക്ക്

## കെട്ടിട നിർമ്മാണ പെർമിറ്റ് അദാലത്ത്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ | ശ്രീ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തെ അഴിമതി വിമുക്തമാക്കുവാൻ ബഹു.മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റ് അദാലത്ത് നടത്തിയിരുന്നോ; എങ്കിൽ, എത്ര പരാതികളിൽ തീരുമാനമെടുത്തു; | (എ) അദാലത്ത് നടത്തിയിരുന്നു. 320 അപേക്ഷകളിൽ 282 എണ്ണത്തിൽ അദാലത്ത് തീരുമാനം എടുത്തിട്ടുള്ളതാണ്. ആയതിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) തിരുവനന്തപുരം കോർപ്പറേഷനിൽ അഴിമതി തടയുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലും നിരീക്ഷണ ക്യാമറ സ്ഥാപിക്കണമെന്നുള്ള നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (ബി) ഇല്ല. അടുത്ത പ്ലാൻ പ്രോജക്ടിൽ ഉൾപ്പെടുത്തി ക്യാമറ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) വളരെക്കാലമായി കെട്ടിക്കിടക്കുന്ന കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിന് എല്ലാ കോർപ്പറേഷനുകളിലും ബഹു.മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) സംഘടിപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ